## പതിനാലാം കേരളനിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 211**

**28.05.2019-ൽ മറുപടിക്ക്**

## ചൂർണ്ണിക്കര വ്യാജരേഖ കേസ്സ്

**ചോദ്യം**

**ശ്രീ.യു. ആർ. പ്രദീപ്**

**മറുപടി**

**പിണറായി വിജയൻ**

**(മുഖ്യമന്ത്രി)**

(എ) എറണാകുളം ചൂർണ്ണിക്കരയിൽ നിലം നികത്തി പുരയിടമാക്കാൻ ലാന്റ് റവന്യൂ കമ്മീഷണറുടെ പേരിൽ വ്യാജരേഖ ഉണ്ടാക്കിയതുമായി ബന്ധപ്പെട്ട് ഉദ്യോഗ സ്ഥരടക്കം എത്ര പേർക്കെതിരെ പോലീസ് കേസ്സ് എടുത്തിട്ടുണ്ട്; ഇവരുടെ പേര് വിവരം വ്യക്തമാക്കാമോ;

(എ) ചൂർണ്ണിക്കരയിൽ വ്യാജ രേഖ ചമച്ച് തണ്ണീർത്തടം നികത്തിയതുമായി ബന്ധപ്പെട്ട് ആലുവ ഈസ്റ്റ് PS Cr.926/19 Sec. 465,468,471,212 & 34 IPC പ്രകാരം 7 പേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. ഇവരുടെ പേരു വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. അബ്ദുൽ റഹിമാൻ മകൻ ഹംസ, തൃശ്ശൂർ.
2. സദൻ ഭാര്യ സിനിമോൾ, കൊടുങ്ങല്ലൂർ താലൂക്ക്
3. ഹംസ ഭാര്യ സുരേഖ,തൃശ്ശൂർ
4. ബീരാൻ മകൻ അബു @അബൂട്ടി
5. ഖാദർ മകൻ അഷറഫ്, ആലുവ
6. ഹംസ മകൻ റഷീദ്, ഏലൂർ
7. കുമാരൻ കാണി മകൻ അരുൺ, തിരുവനന്തപുരം

(ബി) പ്രസ്തുത കേസ്സിൽ വിജിലൻസ് അന്വേഷണം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; സംസ്ഥാനത്ത് സമാനമായ സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോ എന്ന് കണ്ടെത്തുന്നതിന് വിജിലൻസ് അന്വേഷണം വിപുലപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;എങ്കിൽ വിശദാംശം നൽകുമോ?

(ബി) പ്രസ്തുത കേസിൽ വിജിലൻസ് അന്വേഷണം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് സമാനമായ സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനായി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് - II പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ഒരു ടീം രൂപീകരിച്ച് അന്വേഷണം നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ.**